## കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്

## വിജ്ഞാപനം

ജി.ഒ (എം.എസ്) നമ്പർ. 1/2011/തൊഴിൽ. തിരുവനന്തപുരം, 2011 ജനുവരി 3

എസ്. ആർ.ഒ. നമ്പർ....6......./2011.- 1948 - ലെ മിനിമം വേജസ് ആക്ടിലെ (1948 ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1) -ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2) -ാം ഉപ വകുപ്പും കൂട്ടി വായിച്ച പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടും, 2006 ഡിസംബർ 22-ാം തീയതിയിലെ 2028-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 881/2006 ആയി പ്രസിദ്ധീകരിച്ച 2006 ഡിസംബർ 18-ാം തീയതിയിലെ ജി.ഒ (ആർ.റ്റി) നമ്പർ 3228/2006/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചു കൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡ പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചശേഷവും, കേരള സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും 2011 ഫെബ്രുവരി 1-ാം തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രബല്യത്തിൽ വരുന്നതായി ഇതിനാൽ നിശ്ചയിക്കുകയും ചെയ്യുന്നു, അതായത്.-

### പട്ടിക

**1. പീസ് റേറ്റുകാരുടെ നിരക്ക്**

1) ഷെല്ലിംഗ് (തല്ല്/കട്ടിംഗ്): പുറന്തോട് കളഞ്ഞെടുത്ത ഒരു കിലോ മുഴുവൻ പരിപ്പിന് 22.36/- രൂപ നിരക്കിൽ

2) പീലിംഗ് (തൊലിയെടുപ്പ്): പുറന്തോട് കളഞ്ഞ് പരിപ്പ് തൊലി നീക്കിയെടുക്കുന്നതിന് ഒരു കിലോ മുഴുവൻ പരിപ്പിന് 28.44 രൂപ നിരക്കിൽ

3) പീലിംഗ് (തല്ലുപൊടി): തൊലി നീക്കി വേർതിരിച്ചെടുത്ത ഒരു കിലോ പരിപ്പിന് 19.54 രൂപ നിരക്കിൽ

**1. ദിവസ ശമ്പളക്കാരുടെ കൂലി**

| ക്രമ നമ്പർ | വിഭാഗം | അടിസ്ഥാന വേതനം |
|---|---|---|
| 1 | ഗ്രേഡർ | ₹ 180 |
| 2 | ടിൻ ഫില്ലർ | ₹ 185 |
| 3 | മൈക്കാട് (പൊടിയെടുപ്പ്, തൊലിപാറ്റ്, കേടെടുപ്പ്, പരിപ്പ് ഇടഞ്ഞുവാരൽ) | ₹ 185 |
| 4 | മൈക്കാട് (ജനറൽ) | ₹ 200 |
| 5 | സെറ്റൻസിലർ | ₹ 200 |
| 6 | ചുമട്ടുതൊഴിലാളി (കയറ്റിറക്ക്) | ₹ 225 |
| 7 | ഫയർമാൻ | ₹ 225 |
| 8 | സോക്കിംഗ് ആന്റ് സൈസിംഗ് വർക്കർ | ₹ 200 |
| 9 | ഓയിൽ എക്സ്ട്രാക്റ്റർ/ഓയിൽ എക്സ്പെല്ലർ | ₹ 200 |
| 10 | ആശാരി | ₹ 250 |
| 11 | കൊല്ലൻ | ₹ 250 |
| 12 | മെക്കാനിക്ക് | ₹ 250 |
| 13 | ലാപ് ചെക്കർ | ₹ 185 |

**ക്ഷാമബത്ത:-**

സംസ്ഥാന എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചികയിൽ കൊല്ലം സെന്ററിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയാണ് ക്ഷാമബത്ത കണക്കാക്കുന്നതിന് മാനദണ്ഡമായി സ്വീകരിക്കേണ്ടത്. കൊല്ലം സെന്ററിന്റെ കഴിഞ്ഞ 6 മാസത്തെ ഉപഭോക്തൃവില സൂചികയുടെ ശരാശരിയിൽ 14850 പോയിന്റിന് (1939=100) മുകളിൽ വരുന്ന ഓരോ അഞ്ചു പോയിന്റിനും മൂന്നു പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയുമുള്ള ഓരോ ആറുമാസത്തേയും ഉപഭോക്തൃവില സൂചികയുടെ ശരാശരി അടിസ്ഥാനത്തിൽ യഥാക്രമം ജനുവരി 1 മുതൽ ജൂൺ 30 വരെയും ജൂലൈ 1 മുതൽ ഡിസംബർ 31 വരെയുമുള്ള ക്ഷാമബത്ത ക്രമീകരിക്കേണ്ടതാണ്.

ക്ഷാമബത്ത നൽകുന്നതിന് മുൻകാലങ്ങളിൽ പിൻതുടർന്നു വരുന്ന രീതി അനുസരിച്ച്, ദിവസ കൂലിക്കാർക്കും പീസ്റേറ്റ് ജോലിക്കാർക്കും ഒരു ദിവസത്തെ ജോലിയ്ക്ക് ഒരു ക്ഷാമബത്ത നൽകേണ്ടതാണ്.

ഏതെങ്കിലും ഫാക്ടറികളിൽ തൊഴിലാളികൾക്ക് ഇതിൽ പറയുന്ന കുറഞ്ഞ കൂലിയേക്കാൾ മെച്ചപ്പെട്ടകൂലി ഇപ്പോൾ നൽകിവരുന്നുണ്ടെങ്കിൽ അവർക്ക് അത് തുടർന്നും ലഭിക്കുവാനുള്ള അർഹതയുണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ബി. പ്രകാശ്

**ഗവൺമെന്റ് സെക്രട്ടറി (i/c)**

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികളുടെ കുറഞ്ഞകൂലി നിരക്കുകൾ 2006 ഡിസംബർ 18-ാം തീയതിയിലെ ജി.ഒ.(ആർ.റ്റി) 3228/2006/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. കശുവണ്ടി വ്യവസാ- യത്തിലെ തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപികരിക്കപ്പെട്ട മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച്, കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞകൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA
## Labour and Rehabilitation (E) Department
## NOTIFICATION

**G.O.(MS) No. 1 /2011/LBR.** ***Dated,Thiruvananthapuram, 3rd January,2011.***

S.R.O.No....6...../2011.- In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G.O(Rt) No. 3228/2006/LBR dated 18th December, 2006 and published as S.R.O. No. 881/2006 in the Kerala Gazette Extraordinary No. 2028 dated 22nd December, 2006 the Government of Kerala after considering the advice of the Committee appointed under clause (a) of sub-section (1) of section 5 of the said Act, hereby revise the minimum rates of wages payable to the employees employed in the Cashew Industry in the State of Kerala as specified in the schedule annexed hereto and the said rates shall come in to force with effect from the 1st day of February, 2011, namely.-

**Schedule**

1. Wages of piece rated workers

| | | |
|---|---|---|
| (1) Shelling/Cutting | : | @ ₹ 22.36 for one kilo shell removed full nut |
| (2) Peeling (Shell removed) | : | @ ₹ 28.44 for one kilo full nut for peeling the outer layer of the shell removed nut |
| (3) Peeling (Broken piece) | : | @ ₹ 19.54 for one kilo nut sorted after peeling. |

2. Wages of daily rated workers

| ***Category*** | ***Basic Wages*** |
|---|---|
| (1) Grader | ₹ 180 |
| (2) Tin filler | ₹ 185 |
| (3) Manual Labour (Maicadu) (Separate tiny particle, peeling winnow, damage removal and nut sorting) | ₹ 185 |
| (4) Maicadu (General) | ₹ 200 |
| (5) Stencillor | ₹ 200 |

| | |
|---|---|
| (6) Headload worker (Loading and Unloading) | ₹ 225 |
| (7) Fireman | ₹ 225 |
| (8) Soaking and Sizing worker | ₹ 200 |
| (9) Oil Extractor/Oil Expeller | ₹ 200 |
| (10) Carpenter | ₹ 250 |
| (11) Blacksmith | ₹ 250 |
| (12) Mechanic | ₹ 250 |
| (13) Lap Chequer | ₹ 185 |

3. Dearness Allowance:-

Among the Consumer Price Index published by the Director of Economics and Statistics, Kerala the Index published for Kollam Centre shall be reckoned as the criteria for the purpose of calculating the Dearness Allowance. The Dearness Allowance shall be given at the rate of 3 paise per 5 point in excess of 14850 points (1939=100) on the average of the Consumer Price Index of the last six months at Kollam District. The Dearness Allowance of 1st January to 30th June and 1st July to 31st December shall be reckoned on the basis of the Consumer Price Index of every six months of April to September and October to March respectively.

Daily rated workers and piece rated workers shall be paid one Dearness Allowance for one day's work as per the practice followed earlier for the payment of Dearness Allowance.

If the employees at any factory at present are being paid better wages than the minimum wages mentioned in this, such employees shall be eligible to continue to receive the same.

By order of the Governor,
B. PRAKASH
Secretary to Government(I/C).

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government had decided to revise the minimum rates of wages payable to the employees employed in the Cashew Industry and therefore appointed a Minimum Wages Committee. Considering the report of the Committee, Government have decided to revise the Minimum rates of wages to the said categories.

This notification is intended to achieve the above object.